# Mathrubhumi

## 22 August 2018

## After Flood, Flood Relief, Compensation, Procedures



# നഷ്ടപരിഹാരം നടപടിക്രമങ്ങൾ ഇളവുചെയ്യും

പ്രളയത്തിൽ വീടും സ്ഥലവും നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കാൻ തീരുമാനം. ഇതിനായി മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, ഇ.പി. ജയരാജൻ, എ.സി. മൊയ്തീൻ, ജി. സുധാകരൻ എന്നിവരുംപ്പെട്ട സമിതി രൂപവത്കരിച്ചു. നടപടിക്രമങ്ങളും മാനദണ്ഡങ്ങളും തീരുമാനിക്കുന്നമുറയ്ക്ക് നഷ്ടപരിഹാരത്തിന് അപേക്ഷ ക്ഷണിക്കും.

കണക്കുകരം എത്രയുംവേഗം ശേഖരിക്കാൻ ലാൻഡ് റവന്യൂ കമ്മിഷണർക്ക് റവന്യൂമന്ത്രി ഇ.ചന്ദ്രശേഖരൻ നിർദേശം നൽകി. വില്ലേജ് ഓഫീസർമാരാണ് വീടുകളുടെയും സ്ഥലത്തിന്റെയും നാശനഷ്ടം കണക്കാക്കേണ്ടത്. ഇപ്പോൾ ദുരിതാശ്വാസക്യാമ്പുകളുടെ ചുമതല വില്ലേജ് ഓഫീസർമാർക്കാണ്. ഇവരെ ഈ ചുമതലയിൽ നിന്ന് മാറ്റും. ദുരിതാശ്വാസക്യാമ്പുകളുടെ ചുമതല മേഖലാ അടിസ്ഥാനത്തിൽ മറ്റ് ഉദ്യോഗസ്ഥർക്ക് നൽകും.

ഉരുൾപൊട്ടലിൽ പൂർണമായും വീടുനഷ്ടപ്പെട്ടവർക്ക് വീടിനായി ആറുലക്ഷവും സ്ഥലം വാങ്ങാൻ നാലുലക്ഷം രൂപയുമാണ് ഇപ്പോൾ അനുവദിക്കുന്നത്. ദുരിതാശ്വാസത്തിന്റെ കേന്ദ്രചട്ടങ്ങൾ പ്രകാരം 95,000 രൂപമുതൽ 1.15 ലക്ഷംരൂപയേ അനുവദിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിൽനിന്നാണ് നൽകുന്നത്.